നമ്പർ: 273/2023

## സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സിലെ 48-ാം ഓർമ്മപ്പെരുന്നാൾ 2023 ഡിസംബർ മാസം 7, 8 (വ്യാഴം, വെള്ളി) തീയതികളിൽ ആ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ നടത്തപ്പെടുന്നതാണ്. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. പരിശുദ്ധ സഭയെ ജീവനുതുല്യം സ്നേഹിച്ച് സുധീരം അതിനെ നയിച്ച പ. ഔഗേൻ ബാവാ തിരുമേനി പൗരസ്ത്യ കാതോലിക്കേറ്റിന്റെ യശസ്സും മഹിമയും ഉയർത്തിപ്പിടിക്കുവാൻ ബദ്ധശ്രദ്ധനായിരുന്നു. പാണ്ഡിത്യം കൊണ്ടും താപസ ജീവിതനിഷ്ഠ കൊണ്ടും ആത്മിക ഔന്നത്യംകൊണ്ടും അദ്വിതീയ സ്ഥാനം അലങ്കരിക്കുന്ന ആ വിശുദ്ധന്റെ പെരുന്നാളാചരണം പരിശുദ്ധ സഭയ്ക്ക് അനുഗ്രഹകരമായിത്തീരട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. ഈ വർഷത്തെ പെരുന്നാൾ അനുഗ്രഹകരമായി പൂർത്തീകരിക്കുന്നതിന് ഏവരും സഹകരിക്കണമെന്ന് നാം താത്പര്യപ്പെടുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 നവംബർ മാസം 14-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും